"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് - എൽ.എ.സി 190/2006 പ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അവാർഡ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.38/2026/LSGD                                        തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-

1. ബഹു.തിരുവനന്തപുരം സബ് തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ.140/2013 നമ്പർ കേസിന്മേലുള്ള 05/10/2015 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/032019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 16/08/2025 തീയതിയിലെ കെ16-22267/16 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07/10/2025 തീയതിയിലെ എസ്1/909/2021/ടിഡ(3) നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി, എൽ.എ.സി.190/2006 പ്രകാരം, ഭൂമി ഏറ്റെടുത്തിരുന്നതിന് മുൻഉടമയായ ശ്രീ. സി. ജയചന്ദ്രൻ പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ പരാമർശം(3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 19,47,363/- (പത്തൊമ്പത് ലക്ഷത്തി നാല്പത്തിയേഴായിരത്തി മുന്നൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം(4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി എൽ.എ.സി.190/2006 പ്രകാരം തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 1125/8-2, 1125/7-2 (എൽ.എ. സർവ്വേ നം. 58/89)-ൽ ഉൾപ്പെട്ട 0.18 ആർ വസ്തു ഏറ്റെടുത്തിരുന്നതിന് പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരം മുൻ ഉടമയായ ശ്രീ. സി. ജയചന്ദ്രൻ സമർപ്പിച്ചിരുന്ന അപേക്ഷ പരിശോധിച്ച്, ബഹു. തിരുവനന്തപുരം സബ് കോടതിയുടെ

എൽഎ.ആർ 140/2013 നമ്പർ കേസിന്മേലുള്ള പരാമർശം(1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ **19,47,363/- രൂപ (പത്തൊമ്പത് ലക്ഷത്തി നാല്പത്തിയേഴായിരത്തി മുന്നൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം)** ശ്രീ. സി. ജയചന്ദ്രന് **'4217-60-800-93 Payment of Compensation in LAR Cases (Plan-Charged)'** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട കക്ഷിക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/452/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 06-01-2026 14:28:19

സെക്ഷൻ ഓഫീസർ